ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12-07-2024**

## പ്രധാനവാർത്തകൾ

1). **ചരിത്രത്തിന് സാക്ഷിയായി വിഴിഞ്ഞം; തുറമുഖത്തെത്തിയ ആദ്യ ചരക്ക് കപ്പലിന് ഊഷ്മള സ്വീകരണം. ചടങ്ങിൽ പങ്കെടുത്ത് കേന്ദ്രമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പടെ പ്രമുഖർ.**

2). **രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിന് സുപ്രധാന നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. പദ്ധതി യാഥാർത്ഥ്യമാക്കിയ കേരള സർക്കാരിനെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.**

3). **വിഴിഞ്ഞത്തെ മദർപോർട്ട് എന്ന നിലയിൽ സുസജ്ജമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്വപ്ന സാക്ഷാത്ക്കാരത്തിന് സഹകരിച്ച് എല്ലാവർക്കും നന്ദിയെന്നും മുഖ്യമന്ത്രി.**

4). **വിജ്ഞാന അധിഷ്ഠിത സമ്പത്ത് വ്യവസ്ഥയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി പി രാജീവ്.**

5). **സംസ്ഥാനത്ത് ഇന്നുമുതൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

********************** **********************

RNU TVPM

**<u>വിഴിഞ്ഞം</u>**

കേരളത്തിൻറെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായ വിഴിഞ്ഞം തുറമുഖത്ത് എത്തിയ ആദ്യ ചരക്കുകപ്പലിന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറെയും മുഖ്യമന്ത്രി പിണറായി വിജയൻറെയും നേതൃത്വത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. സ്വീകരണത്തിൻറെ ഭാഗമായി തുറമുഖത്ത് സ്ഥാപിച്ച ശിലാഫലകം മുഖ്യമന്ത്രി പിണറായി വിജയൻ അനാച്ഛാദനം ചെയ്തു. ലോകോത്തര നിലവാരത്തിലുള്ള തുറമുഖമായി വിഴിഞ്ഞത്തെ മാറ്റാൻ കേരള സർക്കാർ നൽകിയ പരിശ്രമങ്ങളെ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ അഭിനന്ദിച്ചു. രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിന് സുപ്രധാന നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്ത് ലോകോത്തര നിലവാരമുള്ള തുറമുഖങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ് വിഴിഞ്ഞം എന്നും അദ്ദേഹം വ്യക്തമാക്കി.

RNUTVPM

*********************** ***********************

**<u>വിഴിഞ്ഞം മുഖ്യമന്ത്രി - (ഇൻട്രോ)</u>**

വിഴിഞ്ഞത്തെ മദർപോർട്ട് എന്ന നിലയിൽ സുസജ്ജമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തുറമുഖങ്ങൾ സാമ്പത്തിക വളർച്ചയുടെ ചാലകശക്തിയാണെന്നും വിഴിഞ്ഞം യാഥാർത്ഥ്യമായതോടെ കേരളത്തിൻറെ വികസന അദ്ധ്യായത്തിൽ പുതിയൊരു ഏട് കൂടി തുറന്നതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് ഫോർ ബൈറ്റ്......)

2028-ഓടെ സമ്പൂർണ്ണ തുറമുഖമായി വിഴിഞ്ഞം മാറുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. മന്ത്രി വി എൻ വാസവൻ, അദാനി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ കരൺ അദാനി തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്നലെ രാവിലെ

വിഴിഞ്ഞത്ത് നങ്കൂരമിട്ട സാൻ ഫെർണാണ്ടോ എന്ന മദർ ഷിപ്പിന് വാട്ടർ സല്യൂട്ട് നൽകിയാണ് സ്വീകരിച്ചത്. ലോകത്തെ രണ്ടാമത്തെ വലിയ കപ്പൽ കമ്പനിയായ മെസ്കിന്റെ, സാൻ ഫെർണാണ്ടോ കപ്പലിൻറെ ബർത്തിംഗ് നടപടികൾ ഇന്നലെ പൂർത്തിയാക്കി. 1930 കണ്ടെയ്നറുകളാണ്

വിഴിഞ്ഞത്ത് ഇറക്കുന്നത്. ഈ മാസം രണ്ടിന് ചൈനയിലെ സിയാമെൻ തുറമുഖത്ത് നിന്നും പുറപ്പെട്ട കപ്പൽ, കൊളംബോ വഴിയാണ് വിഴിഞ്ഞത്തെത്തിയത്.

********************** **********************

<u>**വിഴിഞ്ഞം ചരിത്രം - (ഇൻട്രോ)**</u>

മൂന്ന് പതിറ്റാണ്ട് നീണ്ട കാത്തിരിപ്പിനൊടുവിൽ കേരളത്തിൻറെ അഭിമാനമായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ സ്വപ്നപദ്ധതിയ്ക്കായുള്ള കാത്തിരിപ്പിൻറെ നാൾവഴികളിലൂടെ.

<u>**- (വോയിസ്.....)**</u>

30 വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് കേരളത്തിന്റെ വികസനത്തിൽ വഴിത്തിരിവാകുന്ന വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നത്. 1991 മുതൽ പല ഘട്ടങ്ങളിലെ കാലതാമസത്തെ തുടർന്ന് പദ്ധതി നീണ്ടു പോയി. 2013- ൽ വിഴിഞ്ഞം പദ്ധതിക്ക് പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ തുറമുഖം നിർമിക്കാൻ ടെണ്ടറിലൂടെ അദാനി ഗ്രൂപ്പിന് പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള അനുമതി ലഭിച്ചു. പ്രാഥമിക

RNU TVPM

നടപടിക്രമങ്ങൾക്ക് ശേഷം 2015-ലാണ് വിഴിഞ്ഞം പദ്ധതിയ്ക്ക് പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി ലഭിക്കുന്നത്. തുടർന്ന് പദ്ധതിയുടെ വി.ജി.എഫ് അപേക്ഷ അംഗീകരിക്കുകയും ഈ അംഗീകാരം ലഭിക്കുന്ന രാജ്യത്തെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറുകയും ചെയ്തു. പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള ബിഡ്, അദാനി ഗ്രൂപ്പ് സമർപ്പിക്കുകയും ഇത് സ്വീകരിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തു. 2015-ൽ തുറമുഖ നിർമ്മാണത്തിന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തറക്കല്ലിട്ടു. എട്ട് വർഷത്തെ കാത്തിരിപ്പിനൊടുവിൽ 2023 ഒക്ടോബർ 15-ന് ചൈനയിൽ നിന്നുള്ള ആദ്യ കപ്പൽ വിഴിഞ്ഞത്ത് നങ്കൂരമിട്ടു. ഒൻപത് മാസത്തിനിപ്പുറം ആദ്യ കണ്ടെയ്നർ കപ്പലും ഇന്നലെ തീരമണഞ്ഞു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

*********************** ***********************

**<u>കേജ് രിവാൾ</u>**

ഡൽഹി മദ്യനയ അഴിമതി കേസിൽ മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. ഇഡി അറസ്റ്റ് ചോദ്യം ചെയ്ത് ശ്രീ കേജ്രിവാൾ സമർപ്പിച്ച ഹർജി ജസ്റ്റിസ് സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുൾപ്പെട്ട ബെഞ്ച് വിശാല ബഞ്ചിന് കൈമാറി. അതേസമയം കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സിബിഐ അറസ്റ്റിലായതിനാൽ കേജ്രിവാളിന് കസ്റ്റഡിയിൽ തുടരേണ്ടി വരും. കഴിഞ്ഞ മാസം 25 നാണ് സിബിഐ കേജ്രിവാളിനെ അറസ്റ്റ് ചെയ്തത്. മാർച്ച് 21നാണ് ഇഡി കേജ്രിവാളിനെ അറസ്റ്റ് ചെയ്തത്. ലോക്സഭാ തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ മേയ് 10ന്

RNU TVPM

അദ്ദേഹത്തെ വിട്ടയച്ചെങ്കിലും സുപ്രീ കോടതി ജാമ്യം നീട്ടി നൽകാത്തതിനെ തുടർന്ന് കഴിഞ്ഞ മാസം രണ്ടിന് തിരികെ ജയിലിൽ പ്രവേശിക്കുകയായിരുന്നു.

********************** **********************

**<u>കോളറ - കേരള</u>**

തിരുവനന്തപുരത്ത് അഞ്ച് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ കോളറ സ്ഥിരീകരിച്ചവരുടെ എണ്ണം ഏഴായി. നെയ്യാറ്റിൻകര സ്പെഷ്യൽ സ്കൂളിൽ നിന്നുള്ളവർക്കാണ് രോഗം സ്ഥിരീകരിച്ചത്. തിരുവനന്തപുരത്ത് കോളറ ബാധിത പ്രദേശത്ത് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രോഗത്തിന്റെ ഉറവിടം കണ്ടെത്താനായി വെള്ളം ഉൾപ്പെടെയുള്ള സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. രോഗ ലക്ഷണങ്ങൾ കാണുന്നവരുടെ സാമ്പിളുകൾ എത്രയും വേഗം പരിശോധനയ്ക്കയയ്ക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകിയിരുന്നു. രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ സമ്പർക്ക പട്ടികയിൽ ഉള്ളവരെയും നിരന്തരമായി നിരീക്ഷിച്ചു വരികയാണ്. പൈരാണിമുട്ടം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

RNU TVPM

********************** **********************

**<u>ആലപ്പുഴ - ഹൈക്കോടതി</u>**

ആലപ്പുഴ - അരൂർ- തുറവൂർ എലിവേറ്റഡ് ഹൈവേ കളക്ടർ സന്ദർശിക്കണമെന്ന് ഹൈക്കോടതി. പാതയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് കോടതി ചോദിച്ചു. അതേസമയം ജനങ്ങൾക്ക്, വേണ്ടിയാണ് റോഡു നിർമ്മാണമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കി. സർവീസ് റോഡ് നിർമ്മിക്കുമെന്ന ഉറപ്പ് ദേശീയപാത അധികൃതർ പാലിച്ചില്ലെന്ന് അമിക്കസ് ക്യൂറി

പറഞ്ഞു. സർവീസ് റോഡ് നിർമ്മിക്കുമെന്ന് ചർച്ചയിൽ ഉറപ്പു നൽകിയതാണെന്ന് സർക്കാർ അറിയിച്ചു. ഇതേത്തുടർന്ന് പ്രശ്നപരിഹാരത്തിനായി യോഗം ചേരാൻ കളക്ടറോട് കോടതി നിർദേശിച്ചു.

********************** **********************

**ജൻ എ ഐ കോൺക്ലേവ്**

വിജ്ഞാന അധിഷ്ഠിത സമ്പത്ത് വ്യവസ്ഥയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി പി രാജീവ്. കൊച്ചിയിൽ നടക്കുന്ന ആദ്യ അന്താരാഷ്ട്ര ജൻ എ ഐ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിക്ഷേപവും തൊഴിൽ സാധ്യതകളും വർധിപ്പിക്കുകയാണ് ജൻ എ ഐ കോൺക്ലേവ് പോലുള്ള സംരംഭങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്നും അദ്ദേഹം വ്യക്തമാക്കി.സംസ്ഥാന സർക്കാരും, ഐ ബി എമ്മും ചേർന്ന് നടത്തുന്ന ജൻ എ ഐ കോൺക്ലേവിനു ഇന്ന് സമാപനമാകും.

RNUTVPM

********************** **********************

**ഇടുക്കി - (ഇൻട്രോ)**

തേക്കടിയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ഇനി മുതൽ പ്രവേശന കവാടത്തിൽ നിന്ന്, ബോട്ട് ലാൻഡിങ്ങിലേക്ക് ബഗ്ഗി കാറുകളിൽ യാത്ര ചെയ്യാം. ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി വനംവകുപ്പാണ് ബഗ്ഗി കാറുകൾ എത്തിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി

ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....

(വോയിസ്...........)

********************** **********************

**അഗ്നിവീർ**

മുൻ അഗ്നിവീരൻമാർക്ക് കേന്ദ്ര സേനകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അതിർത്തി സുരക്ഷാ സേന, CRPF, CISF, SSB തുടങ്ങിയവയുടെ മേധാവികൾ അറിയിച്ചതാണ് ഇക്കാര്യം. വയസ്സിളവിന് പുറമെ, മുൻ അഗ്നിവീരൻമാർക്ക് ശാരീരിക ക്ഷമതാ പരീക്ഷയും ഒഴിവാക്കിയിട്ടുണ്ട്.

********************** **********************

**സംസ്ഥാനം - കാലാവസ്ഥ**

സംസ്ഥാനത്ത് ഇന്നുമുതൽ വീണ്ടും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്നും തൃശ്ശൂർ, മലപ്പുറം, കാസർകോട്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കോഴിക്കോട് ജില്ലയിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്.

RNU TVPM

********************** **********************

**വിംബിൾഡൺ ടെന്നീസ്**

വിംബിൾഡൻ ടെന്നീസിൽ പുരുഷ സിംഗിൾസ് സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തുടക്കം. ആദ്യസെമിയിൽ റഷ്യയുടെ ഡാനിൽ മെദ്വദേവ് സ്പെയിനിൻറെ കാർലോസ് അൽകാരാസിനെ നേരിടും. രണ്ടാം സെമിയിൽ ഇറ്റാലിയൻ താരം ലോറെൻസോ മുസെറ്റി, സെർബിയൻ താരം നോവാക് ജോക്കോവിച്ചുമായി എറ്റുമുട്ടും. ഈ മാസം 14-നാണ് ഫൈനൽ മത്സരം.

********************** **********************

**ക്രിക്കറ്റ്**

ശ്രീലങ്കൻ പര്യടനത്തിനായി ഇന്ത്യൻ പുരുഷ ക്രിക്കറ്റ് സംഘം ഈ മാസം 22-ന് ശ്രീലങ്കയിലെത്തും. മൂന്ന് ടി - 20 മത്സരങ്ങളും മൂന്ന് ഏകദിന മത്സരങ്ങളും ഉൾപ്പെടുന്നതാണ് പരമ്പര.

********************** **********************

**ലഡാക് – സൈനികർ**

ലഡാക്കിൽ കരസേനയുടെ ആയുധങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനിടെ രണ്ട് സൈനികർക്ക് ജീവഹാനി. ഉപകരണങ്ങളിലുണ്ടായ അപകടകരമായ പൊട്ടിത്തെറിയാണ് മരണകാരണമെന്ന് ഇന്ത്യൻ സേന അറിയിച്ചു.

********************** **********************

**ബ്രണ്ണൻ കോളേജ്**

വിദ്യാർത്ഥി സംഘർഷത്തെ തുടർന്ന് അടച്ചിട്ട തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിൽ സമാധാന യോഗം ചേരുന്നു. കഴിഞ്ഞദിവസം അച്ചടക്കസമിതി യോഗത്തിനിടെ സംഘർഷമുണ്ടാക്കിയ രണ്ട് വിദ്യാർഥികളെ സസ്പെൻഡ് ചെയ്യാൻ തീരുമാനമായി. എസ്.എഫ്.ഐ. പ്രവർത്തകനായ ടി. അനുരാഗ് ബാബു, എ.ബി.വി.പി. പ്രവർത്തകനായ സി.കെ. ഗോകുൽ എന്നിവരെ 10 ദിവസത്തേക്കാണ് സസ്പെൻഡ് ചെയ്യുക.

RNU TVPM

********************** **********************

**കാട്ടാന – വനംവകുപ്പ്**

കോഴിക്കോട് വയനാട് ജില്ലകളുടെ അതിർത്തി പ്രദേശമായ പുതുപ്പാടി ചിപ്പിലിത്തോട് കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന പ്രശ്നത്തിൽ പരിഹാര നടപടികളുമായി വനം വകുപ്പ്. ഞായറാഴ്ച പ്രദേശത്ത് വനം വകുപ് ഉദ്യോഗസ്ഥരെ ഉൾപ്പടെ പങ്കെടുപ്പിച്ച് സർവകക്ഷി യോഗം നടക്കും. അവശ്യ ഘട്ടങ്ങളിൽ RRT സേവനം ലഭ്യമാക്കും. പ്രദേശത്ത് ഫെൻസിംഗ് ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണെന്നും അധികൃതർ പറഞ്ഞു.

********************** **********************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 559 പോയിൻറ് ഉയർന്ന് 80,456-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 184 പോയിൻറ് ഉയർന്ന് 24,500 ലും വ്യാപാരം തുടരുന്നു .സ്വർണ വിലയിൽ വർധന. പവന് 240 രൂപ വർധിച്ച് 54 ,080 രൂപയും ഗ്രാമിന് 30 രൂപ വർധിച്ച് 6,760 രൂപയുമാണ് ഇന്നത്തെ വില.

*********************** ***********************
*********************** ***********************
***********

RNU TVPM